"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- കണ്ണൂർ ജില്ലയിലെ പാനൂർ ഉപജില്ലയിലെ വള്ള്യായി യു.പി സ്കൂളിലെ സംസ്കൃതം അദ്ധ്യാപിക ശ്രീമതി നിമി.കെ. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 29120/2021 നമ്പെലുള്ള 16/12/2021 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.2448/2022/GEDN തീയതി,തിരുവനന്തപുരം, 16-04-2022

പരാമർശം:-
1. പാനൂർ ഉപജില്ലയിലെ തലശ്ശേരി വള്ള്യായി യു.പി സ്കൂളിലെ സംസ്കൃതം അദ്ധ്യാപിക ശ്രീമതി നിമി.കെ. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 29120/2021 നം. റിട്ട് ഹർജി
2. പാനൂർ ഉപജില്ലയിലെ വള്ള്യായി യു.പി സ്കൂളിലെ സംസ്കൃതം അദ്ധ്യാപിക ശ്രീമതി നിമി.കെ. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 29120/2021 നമ്പെലുള്ള 16/12/2021 ലെ വിധിന്യായം
3. 03/03/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ജി4/1636/2022/ഡി.ജി.ഇ നമ്പർ റിപ്പോർട്ട്.
4. 24/2/2022 ലെ പാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഡി/181/2022 നമ്പർ റിപ്പോർട്ട്.

ഉത്തരവ്

പാനൂർ ഉപജില്ലയിലെ തലശ്ശേരി വള്ള്യായി യു.പി സ്കൂളിലെ സംസ്കൃതം അദ്ധ്യാപിക ശ്രീമതി നിമി.കെ. ബഹു. ഹൈക്കോടതിയിൽ പരാമർശം 1 പ്രകാരം ഫയൽ ചെയ്ത 29120/2021 നം. റിട്ട് ഹർജി നമ്പെലുള്ള പരാമർശം 2 പ്രകാരമുള്ള വിധിന്യായത്തിൽ ഹർജിക്കാരി, 4-ാം എതിർകക്ഷി എന്നിവരെ നേരിൽ കേട്ടതിനുശേഷം Ext.P4 റിവിഷൻ ഹർജി 3 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട് ചുമതലപ്പെടുത്തിയതു പ്രകാരം ഹർജിക്കാരിയുടെ അംഗീകൃത നോമിനിയേയും മറ്റ് ബന്ധപ്പെട്ട കക്ഷികളേയും 4/3/2022 തീയതിയിൽ നേരിൽ കേട്ടിരുന്നു.

2. 1/6/2007 മുതൽ വിരമിക്കൽ ഒഴിവിൽ സംസ്കൃതം അദ്ധ്യാപികയായി നിയമിച്ച തന്റെ നിയമനം 2/6/2008 മുതൽ മാത്രമാണ് അംഗീകരിച്ചിട്ടുള്ളതെന്നും 2007-2008 വർഷം സംസ്കൃതം പഠിയ്ക്കുന്നതിന് ടി സ്കൂളിൽ V-VII വരെ ക്ലാസ്സുകളിലായി 4 5 കുട്ടികളും അതുമൂലം 1 2 പീരീയഡും ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ നിലവിലെ ചട്ടങ്ങൾ അനുസരിച്ച് 1/6/2007 മുതൽ നിയമനാംഗീകാരം ലഭിക്കണമെന്നതാണ് Ext.P4 റിവിഷൻ ഹർജിയിലെ ആവശ്യം.

3. സർക്കാർ ഇക്കാര്യം നിലവിലെ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിക്കുകയുണ്ടായി.

4. 31/3/2007- ൽ ടി സ്കൂളിലുണ്ടായ വിരമിക്കൽ ഒഴിവിലേക്കാണ് ഹർജിക്കാരിയെ മാനേജർ 1/6/2007 മുതൽ സംസ്കൃതം അദ്ധ്യാപികയായി നിയമിച്ചിട്ടുള്ളത്. 2007-08 വർഷം ടി സ്കൂളിൽ പാർട്ട്ടൈം തസ്തിക മാത്രം ലഭ്യമായതിനാലും, സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്ത ഗണത്തിൽപ്പെടുന്നതിനാലും ടി നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചില്ല. 2006-07 വരെ ടി സ്കൂളിൽ പാർട്ട്ടൈം തസ്തികയിൽ group 'c' diversion മുഖേനയായിരുന്ന ഫുൾടൈം തസ്തിക അനുവദിച്ചുരുന്നത്. ടി തസ്തികയിൽ ജോലി ചെയ്തിരുന്നയാൾ വിരമിച്ചതോടെ തസ്തിക പാർട്ട്ടൈം ആയി മാറുകയാണുണ്ടായത് എന്നും 2008-09 വർഷം കുട്ടികളുടെ എണ്ണം വർദ്ധിച്ചതിനാൽ സ്കൂൾ മതിയായ എണ്ണം കുട്ടികളുടെ ഗണത്തിൽപ്പെടുന്നതിനാൽ ഹർജിക്കാരിയ്ക്ക് പാർട്ട്ടൈം സംസ്കൃത തസ്തികയിൽ 2/6/2008 മുതൽ നിയമനാംഗീകാരം നൽകിയിട്ടുണ്ട്. പിന്നീട് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തിക ഫുൾടൈം ആയി ക്രമീകരിച്ചു നൽകിയിട്ടുണ്ട്. എന്നാൽ 1/6/2007 മുതൽ 1/6/2008 വരെ കാലയളവിലെ നിയമനാംഗീകാരം ലഭിക്കുന്നതിനായാണ് റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്. നിലവിലെ സർക്കാർ ഉത്തരവുകളുടേയും K E R ചട്ടപ്രകാരവും 2007-08 വർഷം ടി സ്കൂളിൽ സംസ്കൃതം തസ്തിക അനുവദിക്കുവാൻ സാധിക്കുകയില്ല എന്നും പരാമർശം3,4 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2007-08 വർഷം I മുതൽ VII വരെ ക്ലാസ്സുകളിലായി ആകെ 168 കുട്ടികളാണ് ഉണ്ടായിരുന്നത്. അതിൽ സംസ്കൃതം പഠിക്കുന്ന കുട്ടികളുടെ എണ്ണം ഇപ്രകാരമാണ്

V	VI	VII	ആകെ
13	15	17	45

പ്രസ്തുത വർഷം സംസ്കൃതത്തിന് 12 പീരിയഡ് ലഭ്യമാണ്. KER അദ്ധ്യായം 5 ചട്ടം 22എ അനുസരിച്ച് സംസ്കൃതത്തിന് തസ്തിക അനുവദിക്കുവാൻ ഒരു ക്ലാസ്സിൽ ശരാശരി 15 കുട്ടികൾ മതി. 2007-08 ൽ ഈ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടുള്ളതായി കാണുന്നു

KER അദ്ധ്യായം 23 ചട്ടം 6 സി അനുസരിച്ച് അപ്പർ പ്രൈമറി സ്കൂളിലോ ഹൈസ്കൂളിലെ അപ്പർ പ്രൈമറി വിഭാഗത്തിലോ 5, 6, 7 എന്നീ ക്ലാസ്സുകളിലായി ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളുടെ ആകെ എണ്ണം 30-ൽ കുറയാതിരുന്നാൽ തസ്തിക നിലനിർത്താമെന്ന് വ്യവസ്ഥചെയ്യുന്നുണ്ട്. ആയതിനാൽ മേൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ 2007-2008 ലെ തസ്തിക നിർണ്ണയ റിപ്പോർട്ട് പുനഃപരിശോധിച്ച് 1/6/2007 മുതൽ ഹർജിക്കാരിയുടെ ജൂനിയർ സംസ്കൃതം തസ്തികയിലെ നിയമനാംഗീകാരം സംബന്ധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ ഉപജില്ലാ വിദ്യാഭ്യാസഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം റിട്ട് ഹർജി നം 18833/2018 മേലുള്ള 14/7/2021 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജ്യോതിലക്ഷ്മി എൽ

സ.ഉ.(സാധാ) നം.2448/2022/GEDN

അണ്ടർ സെക്രട്ടറി

പകർപ്പ്:- അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാനൂർ, കണ്ണൂർ-670 692

നിമി.കെ, ജൂനിയർ ലാംഗ്വേജ് സംസ്കൃതം ടീച്ചർ, വള്ള്യായി. യു.പി. സ്കൂൾ, മുത്തിയങ്ങ.പി.ഒ, തലശ്ശേരി- 670 671

മാനേജർ, വള്ള്യായി. യു.പി. സ്കൂൾ, മുത്തിയങ്ങ.പി.ഒ, തലശ്ശേരി- 670 671

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Mini.t.r.
Date: 18-04-2022 11:20:34
സെക്ഷൻ ഓഫീസർ